**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4022** **09-08-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് കല്ലടുക്ക-ചെർക്കള റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് നിയോജകമണ്ഡലത്തിലെ കല്ലടുക്ക-ചെർക്കള റോഡിന്റെ പുതുക്കിയ പൂർത്തീകരണ കാലാവധി വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന കല്ലടുക്ക-ചെർക്കള റോഡിന്റെ പൂർത്തീകരണ കാലാവധി 24.10.2019(12 മാസം)വരെ ആയിരുന്നു. എന്നാൽ പ്രസ്തുത തീയതിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പൂർത്തീകരണ സമയം 31.12.2020 വരെയും തുടർന്ന് 30.06.2021 വരെയും കരാർ നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | പുതുക്കിയ പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഇനിയും പുതുക്കി നൽകുമോയെന്ന് അറിയിക്കുമോ; | (ബി) | മാർച്ച് 2021-ൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നല്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്യാനും പുതിയ കരാർ വെയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്കുള്ള അസൗകര്യങ്ങൾ ഒഴിവാക്കാനും വേണ്ടി, ആവശ്യമെങ്കിൽ ഇൻസ്പെക്ഷൻ നടത്തി, ഒരവസരം കൂടി കരാറുകാരന് നൽകി പണി തുടരാനുള്ള അനുമതിക്കുവേണ്ടി കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | 12.7.2018-ന് ടെണ്ടർ ചെയ്ത പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുകയായ 35.68 കോടി രൂപയിൽ 22.02 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിൽ, ബാക്കിയുള്ള പ്രവൃത്തികൾക്കായി കാലാവധി പുതുക്കി നൽകി, നിലവിലുള്ള കരാറുകാരനെത്തന്നെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ പുതിയ സംവിധാനം കണ്ടെത്തുമോ; | (സി) | മാർച്ച് 2021-ൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നല്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്യാനും പുതിയ കരാർ വെയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്കുള്ള അസൗകര്യങ്ങൾ ഒഴിവാക്കാനും വേണ്ടി, ആവശ്യമെങ്കിൽ ഇൻസ്പെക്ഷൻ നടത്തി, ഒരവസരം കൂടി കരാറുകാരന് നൽകി പണി തുടരാനുള്ള അനുമതിക്കുവേണ്ടി കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | നിർമ്മാണ പുരോഗതിയിലുള്ള അലംഭാവം നിമിത്തം നിലവിലുള്ള കരാറുകാരന് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ ബാക്കിയുള്ള പ്രവൃത്തികൾ എപ്രകാരം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഡി) | മാർച്ച് 2021-ൽ കിഫ്ബി സ്റ്റോപ്പ് മെമ്മോ നല്കുകയും കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും നീക്കം ചെയ്യാനും പുതിയ കരാർ വെയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ജനങ്ങൾക്കുള്ള അസൗകര്യങ്ങൾ ഒഴിവാക്കാനും വേണ്ടി, ആവശ്യമെങ്കിൽ ഇൻസ്പെക്ഷൻ നടത്തി, ഒരവസരം കൂടി കരാറുകാരന് നൽകി പണി തുടരാനുള്ള അനുമതിക്കുവേണ്ടി കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ റോഡിലെ കുറേ ഭാഗം സഞ്ചാരയോഗ്യമല്ലെന്നും, കുളം പോലെയുള്ള കുണ്ടും കുഴികളും നിറഞ്ഞ റോഡിനെക്കുറിച്ചുള്ള പരാതികളും സങ്കടങ്ങളും വാർത്താമാധ്യമങ്ങളിലും സാമൂഹികമാധ്യമങ്ങളിലും നിരന്തരം വന്നു കൊണ്ടിരിക്കുകയാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ നീളം 19.194 കി.മീ. ആണ്. ഇതിൽ കി.മീ 48/370 മുതൽ 49/320 വരെയുള്ള 0.95 കി.മീ ഭാഗമാണ് റോഡിൽ ശക്തമായ മഴയെ തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച് ഗതാഗതം ദുഷ്കരമായിട്ടുള്ളത്. പ്രസ്തുത ഭാഗം ഒഴിച്ച് ബാക്കിയുള്ള 18.244 കി.മീ റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാണ്. സ്റ്റോപ്പ് മെമ്മോയിൻമേൽ കെ.ആർ.എഫ്.ബി നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്ന് തുടർനിർദ്ദേശം ലഭ്യമായാൽ മാത്രമേ തുടർപ്രവൃത്തികളിലുള്ള തീരുമാനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ